*പൊതു വിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ്ങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE-HSE/2021** **07/10/2021**

# സർക്കുലർ

## വിഷയം:പ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിനെ സംബന്ധിച്ച് പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ

വിവിധ ക്വാട്ടകളിൽ(മെറിറ്റ്,സ്പോർട്സ്,മാനേജ്മെൻറ്,അൺ-എയിഡഡ്,കമ്മ്യൂണിറ്റി) ഒന്നാം വർഷം സ്ഥിരപ്രവേശനം നേടിയ ശേഷം മറ്റൊരു സ്കൂളിൽ പ്രവേശനം നേടുന്നതിന് വിടുതൽ സർട്ടിഫിക്കറ്റ്**(TC)** ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആയത് ജനറേറ്റ് ചെയ്യുന്നതിനുള്ള ലിങ്ക് **"TC GENERATOR MODULE" "ADMIN"**യൂസറിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒന്നാം വർഷം പ്രവേശനം നേടിയ ശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥിയ്ക്ക് **TC** പ്രസ്തുത ലിങ്കിലൂടെ ജനറേറ്റ് ചെയ്ത് മാത്രമേ നൽകാവു എന്ന കാര്യം അറിയിച്ച് കൊള്ളുന്നു.

എയിഡഡ് സ്കൂളിൽ പ്രവേശനം നേടിയ ശേഷം അതേ സ്കൂളിലെ മറ്റൊരു കോമ്പിനേഷനിൽ നോൺ-മെറിറ്റ് ക്വാട്ടായിൽ പ്രവേശനം നേടുന്നതിനായി **"Cancel Merit / Sports Admission (To Join in Management/Community Quota in Same School)"**എന്ന ലിങ്ക് അഡ്മിൻ യൂസറിൽ ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ മെറിറ്റ് ക്വാട്ടയിൽ /സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടിയ ശേഷം അതേ സ്കൂളിൽ സ്പോർട്സ് ക്വാട്ടയിൽ/മെറിറ്റ് ക്വാട്ടയിൽ പ്രവേശനം നേടുന്നതിന് **"CANCEL MERIT/SPORTS ADMISSION (To Join in SPORTS/MERIT Quota in Same School)"** എന്ന ലിങ്കിലൂടെ നിലവിൽ നേടിയ പ്രവേശനം റദ്ദ് ചെയ്യണം.അഡ്മിഷൻ രജിസ്ടറിലെ റിമാർക്ക് കോളത്തിൽ കോഴ്സ്/ക്വാട്ട മാറ്റം രേഖപ്പെടുത്തി പുതിയ കോഴ്സ്/ക്വാട്ടയിൽ പ്രവേശന വിവരങ്ങൾ രേഖപ്പെടുത്തുക.

കമ്മ്യൂണിറ്റി ക്വാട്ടായിൽ നിന്ന് മാനേജ്മെൻറ് ക്വാട്ടയിലെ മറ്റൊരു കോമ്പിനേഷനിലേയ്ക്ക് മാറുന്ന വിദ്യാർത്ഥിയെ കമ്മ്യൂണിറ്റി ക്വാട്ടായിൽ നോൺ-ജോയിനിങ്ങ് ആയി രേഖപ്പെടുത്തി അടുത്ത സെലക്ട് ലിസ്റ്റ് ജനറേറ്റ് ചെയ്താൽ മതിയാകും.

വിവിധ ആവശ്യങ്ങൾക്കായി സ്കൂൾ അധികൃതർക്ക് നൽകിയിട്ടുള്ള ലിങ്കുകൾ **“TC GENERATOR MODULE”, “Cancel Merit/Sports Admission (To Join in Management/Community Quota in Same School)”, “CANCEL MERIT/SPORTS ADMISSION (To Join in SPORTS/MERIT Quota in Same School)”** തുടങ്ങിയവ അതത് ആവശ്യങ്ങൾക്ക് മാത്രമേ വിനിയോഗിക്കുന്നുള്ളുവെന്ന് പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

ജോയിൻറ് ഡയറക്ടർ (അക്കാദമിക്)